LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനവും മേൽനോട്ടവും ടൂറിസം വകുപ്പ് നേരിട്ടാണ് നിർവ്വഹിക്കുന്നത്. നിലവിൽ ഇവിടത്തെ പ്രവർത്തനം കാര്യക്ഷമമായ രീതിയിലാണ് നടന്നു വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ടൂറിസം പ്രവൃത്തികൾക്ക് വേളിയിൽ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ സമയത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്ത് വിഷയങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

## പൈതൃക ടൂറിസം പദ്ധതി

165 (5892) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതി എന്നത് എന്താണെന്ന് വിശദമാക്കുമോ;

(ബി) പുരാതന സ്പൈസ് റൂട്ട് പുനരുദ്ധാരണത്തിനുള്ള പദ്ധതിയിൽ പങ്കാളിയാകുന്നത് കേരളാ ടൂറിസത്തിന് ഏതൊക്കെ തരത്തിൽ മുതൽ കൂട്ടാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചരിത്രപ്രധാന്യം മനസ്സിലാക്കി നിരവധി ചരിത്രസ്മാരകങ്ങളെയും ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെയും ബന്ധിപ്പിച്ച് ചരിത്രത്തിന്റെ ഒരു നേർകാഴ്ച വിനോദസഞ്ചാരികൾക്ക് പകർന്നു നൽകുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പൈതൃക ടൂറിസം പദ്ധതി.

(ബി) ഏകദേശം 3000 ബി.സി. മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളും ലോകത്തിലെ അന്ന് അറിയപ്പെടുന്ന സംസ്കാര സംപുഷ്ടമായ രാജ്യങ്ങളുമായിട്ടാണ് കേരളത്തിന്റെ വ്യാപാരം. ഇവയിൽ അധികവും

സുഗന്ധ വ്യഞ്ജന വ്യാപാരമായിരുന്നു. ഒരു കാലത്ത് നഷ്ടപ്പെട്ടുപോയ പ്രതാപം സംസ്ഥാനം വീണ്ടെടുക്കുന്നതിലേക്ക് മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിപ്പിക്കാൻ വേണ്ടി പൗരാണിക കാലത്തുണ്ടായിരുന്ന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായ ബർമ്മ, ചൈന, ഡെൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31 ഓളം വിദേശരാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കുകയും അതിനെ 'സിൽക്ക് റോഡ്' എന്ന് മാതൃക സ്വീകരിച്ച് സ്പൈസ് റൂട്ട് എന്ന നാമകരണം ചെയ്യുകയുണ്ടായി.

അന്താരാഷ്ട്ര സംഘടനയായ UNESCO-യുടെ പ്രാമുഖ്യത്തിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതി ആയതിനാൽ അന്താരാഷ്ട്രതലത്തിൽ തന്നെ ഇത് ടൂറിസം മേഖലയിൽ ശ്രദ്ധേയമാകുന്നതാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായ സ്പൈസ് റൂട്ട് പദ്ധതി അന്താരാഷ്ട്രതലത്തിൽ തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് മഹത്തായ നേട്ടം കൈവരിക്കാൻ കഴിയുന്ന ഒന്നാണ്. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ഈ പദ്ധതി കേരളാ ടൂറിസം മാർക്കറ്റിംഗിനു നൂതന വിപണന മേഖല തുറന്നു തരുന്നു. UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിയ്ക്ക് പിൻതുണ നൽകുന്നത്.

**തലശ്ശേരി നിയോജക മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

166 (5893) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശേരി നിയോജക മണ്ഡലത്തിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇനി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും തരം തിരിച്ച് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഒരു പ്രവൃത്തിക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത്.

(ബി) തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി തലശ്ശേരി സബ് കളക്ടർ ബംഗ്ലാവിന്റെ കൺസർവേഷൻ & റീ യൂസ് ആസ് തലശ്ശേരി ഹെറിറ്റേജ് മ്യൂസിയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ സംരക്ഷണം (conservation) നവീകരണം സൗന്ദര്യവത്ക്കരണം എന്നീ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ കെട്ടിടം റവന്യൂ വകുപ്പിന്റെ അധീനതയിൽ ആയതിനാൽ ടി വകുപ്പിൽ നിന്നും എൻ ഒ സി ലഭിച്ചതിനുശേഷം മാത്രമേ ഭരണാനുമതിക്കായി സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly